**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1004** **30-11-2018-ലെ മറുപടി**

## <u>നിലമ്പൂർ മണ്ഡലത്തിൽ</u>
## <u>നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. പി.വി. അൻവർ** | | **കെ. കൃഷ്ണൻകുട്ടി** (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | നിലമ്പൂർ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, വാട്ടർ അതോറിറ്റി എന്നിവയുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ; | (എ, ബി & സി) | നിലമ്പൂർ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ എന്നിവയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർത്തിരിക്കുന്നു.<br><br>നിലമ്പൂർ മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി കരുളായി-മുത്തേടം-അമരമ്പലം പഞ്ചായത്തുകൾക്കുള്ള ശുദ്ധജല വിതരണ പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.ടി പദ്ധതിയുടെ ശുദ്ധീകരണ ശാല നിർമ്മിക്കുവാൻ ആവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്ന നടപടികൾ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. സ്ഥലം ലഭിക്കുന്ന തനുസരിച്ച് മാത്രമേ പദ്ധതിയുടെ പ്രവൃത്തികൾ മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കുകയുള്ളൂ.<br><br>കൂടാതെ ചുങ്കത്തറ, പോത്തുകല്ല്, എടക്കര, വഴിക്കടവ് എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം ഇപ്പോൾ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ കിണർ, മോട്ടോർപുര എന്നീ ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ അറിയിക്കുമോ; | | |
| (സി) | ഏതെങ്കിലും പദ്ധതികൾ തടസ്സപ്പെട്ട് നിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ തടസ്സങ്ങളെന്തൊക്കെയാണെന്നും അത് നീക്കാൻ സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്നും തടസ്സങ്ങൾ നീക്കി പ്രവൃത്തികൾ എന്നത്തേക്ക് നിർവ്വഹിക്കാനാകുമെന്നും വിശദമാക്കാമോ | | |
| (ഡി) | ചുങ്കത്തറ പഞ്ചായത്തിലെ ആറം പുളിക്കൽ റഗുലേറ്റർ കം ബ്രിഡ്ജ് പെട്ടെന്ന് നടപ്പിലാക്കാൻ എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്നും എന്നത്തേക്ക് പ്രവൃത്തി തുടങ്ങുമെന്നും വിശദമാക്കാമോ? | (ഡി) | ചുങ്കത്തറ പഞ്ചായത്തിൽ ആറം പുളിക്കലിൽ ചെക്ക്ഡാം കം ബ്രിഡ്ജിന്റെ നിർമ്മാണം ആരംഭിച്ചുവെങ്കിലും സൈറ്റിലുള്ള വ്യതിയാനം കാരണം പ്രവൃത്തി താല്ക്കാലികമായി തടസ്സപ്പെട്ടു. നിലവിലുള്ള സൈറ്റ് കണ്ടീഷൻ അനുസരിച്ച് പുതുക്കിയ ഡിസൈൻ ലഭ്യമായിട്ടുണ്ട്. അതു പ്രകാരം പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## ജലസേചന വകുപ്പ്

| ക്രമ. നം | പ്രവൃത്തിയുടെ പേര് | നിലവിലെ അവസ്ഥ |
|---|---|---|
| 1 | മൂത്തേടം ഗ്രാമ പഞ്ചായത്തിലെ ചളിക്കപ്പൊട്ടി ലിഫ്റ്റ് ഇറിഗേഷൻ കനാൽ ഡെലിവറി പൈപ്പ് ലൈൻ പമ്പ് ഹൗസ് എന്നിവ റിപ്പയർ പ്രവൃത്തി | പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചു |
| 2 | ചുങ്കത്തറ പഞ്ചായത്തിലെ മുപ്പിനി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ ഡെലിവറി ഡെലിവറി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി. | എഗ്രിമെൻറ് വച്ചു |
| 3 | ചുങ്കത്തറ പഞ്ചായത്തിലെ പുന്നപ്പുഴയ്ക്ക് കുറുകെ ആറാം പുളിക്കലിൽ ഒരു വിസിബി കം ബ്രിഡ്ജ് നിർമ്മാണം. | പ്രവൃത്തി ആരംഭിച്ചു. എന്നാൽ സൈറ്റിലുള്ള വ്യതിയാനം കാരണം പ്രവൃത്തി തുടരാൻ സാധിച്ചില്ല. പുതുക്കിയ ഡിസൈൻ ലഭ്യമായിട്ടുണ്ട് ആയതുപ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 4 | നബാർഡ് RIDF-XXI പോത്തുകല്ല് പഞ്ചായത്തിൽ നീർപ്പുഴയ്ക്ക് കുറുകെ തമ്പുരാട്ടിക്കല്ല് – മുറംങ്ങക്കിയിൽ വിസിബി കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി. | പ്രവൃത്തി സൈറ്റ് കരാറുകാരന് കൈമാറി. പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 5 | എടക്കര ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ പുതുതായി നിർമ്മിച്ച പമ്പ് ഹൌസിൻറെ വൈദ്യുതീകരണം | പ്രവൃത്തി ആരംഭിച്ചു. |
| 6 | ഫ്ലഡ് – 2018 ൽ നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ കുറുന്തോട്ടിമണ്ണ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ അടിയന്തിര അറ്റകുറ്റ പ്രവൃത്തി | ഭരണാനുമതിക്കായി സർക്കാറിൽ സമർപ്പിച്ചിട്ടുണ്ട്. |
| 7 | ഫ്ലഡ് 2018- മൂത്തേടം പഞ്ചായത്തിലെ മൂച്ചിപ്പരത ലിഫ്റ്റ് ഇറിഗേഷൻ സ്കീന്റെ അടിയന്തിരമ അറ്റകുറ്റപ്രവൃത്തി | ഭരണാനുമതിക്കായി സർക്കാറിൽ സമർപ്പിച്ചിട്ടുണ്ട്. |
| 8 | ഫ്ലഡ് – 2018 ചുങ്കത്തറ പഞ്ചായത്തിലെ കട്ടവാക്കുഴി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ അടിയന്തിര അറ്റകുറ്റപ്രവൃത്തികൾ | ഭരണാനുമതിക്കായി സർക്കാറിൽ സമർപ്പിച്ചിട്ടുണ്ട്. |
| 9 | ഫ്ലഡ്- 2018- ചുങ്കത്തറ പഞ്ചായത്തിലെ പൂവത്തിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ സ്കീന്റെ അടിയന്തിര അറ്റകുറ്റപ്രവൃത്തി | ഭരണാനുമതിക്കായി സർക്കാറിൽ സമർപ്പിച്ചിട്ടുണ്ട്. |
| 10 | മലപ്പുറം ജില്ലയിലെ ചുങ്കത്തറ പഞ്ചായത്തിൽ പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ് രണ്ടാംഘട്ടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി. | നബാർഡിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സർക്കാറിൽ സമർപ്പിച്ചിട്ടുണ്ട്. |
| 11 | മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ കളത്തുംകടവിൽ റെഗുലേറ്റർ നിർമ്മാണം | കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.എസ്.പി.വി ആയ കെ.ഐ.ഐ.ഡി.സി മുഖേനയാണ് നടപ്പിലാക്കുന്നത് |
| 12 | പോത്ത് കല്ല് പഞ്ചായത്തിൽ ഭൂതാനത്ത് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിൻറെ പര്യവേഷണ പ്രവൃത്തി | പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ചു |

| | | |
|---|---|---|
| 13 | പോത്ത് കല്ല് പഞ്ചായത്തിൽ മുണ്ടേരിയിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിൻറെ പര്യവേഷണ പ്രവൃത്തി | പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ചു |
| 14 | നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ കുതിരപ്പുഴ പാലത്തിന് സമീപം കുതിരപ്പുഴക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണം- പര്യവേഷണ പ്രവൃത്തി | പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ചു |
| 15 | കരുളായി പഞ്ചായത്തിൽ പാലങ്കര ബ്രിഡ്ജിന് സമീപം ഒഴലക്കലിൽ കരിമ്പുഴക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണം- പര്യവേഷണ പ്രവൃത്തി | പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ചു |
| 16 | മൂത്തേടം ഗ്രാമപഞ്ചായത്തിലെ വരക്കോട് കടവിൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം- പര്യവേഷണ പ്രവൃത്തി | 5.55 ലക്ഷം രൂപ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| 17 | വഴിക്കടവ് പഞ്ചായത്തിൽ മരുതക്കടവിനും ഓടപ്പൊട്ടിക്കും ഇടയിൽ പാലുണ്ടപൊട്ടിയിൽ കലക്കൻ പുഴക്ക് കുറുകെ തടയണ നിർമ്മാണം | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് പ്രളയക്കെടുതിയുടെ സാഹചര്യത്തിൽ ഫണ്ടിൻറെ ലഭ്യതയും പ്രവൃത്തിയുടെ പ്രാധാന്യവും കണക്കിലെടുത്ത് പരിഗണിക്കുന്നതാണ്. |
| 18 | നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ ചീനിക്കടവിൽ ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് പ്രളയക്കെടുതിയുടെ സാഹചര്യത്തിൽ ഫണ്ടിൻറെ ലഭ്യതയും പ്രവൃത്തിയുടെ പ്രാധാന്യവും കണക്കിലെടുത്ത് പരിഗണിക്കാവുന്നതാണ്. |
| 19 | വഴിക്കടവ് പഞ്ചായത്തിൽ പഞ്ഞിമുക്കിൽ വാർഡ് നമ്പർ 5 ൽ കലക്കൻ പുഴക്ക് കുറുകെ വിയർ കം ബ്രിഡ്ജ് നിർമ്മാണം | പര്യവേക്ഷണ പ്രവൃത്തി നടത്തി ഡിസൈൻ ലഭ്യമാക്കി ഡി.പി.ആർ തയ്യാറാക്കി ഉചിതമായ ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിക്കുന്നതാണ്. |
| 20 | വഴിക്കടവ് പഞ്ചായത്തിൽ മുക്രാംപൊട്ടിയിൽ കാരക്കോടൻ പുഴക്ക് കുറുകെ വിയർ കം ബ്രിഡ്ജ് നിർമ്മാണം | പര്യവേക്ഷണ പ്രവൃത്തി നടത്തി ഡിസൈൻ ലഭ്യമാക്കി ഡി.പി.ആർ തയ്യാറാക്കി ഉചിതമായ ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിക്കുന്നതാണ്. |
| 21 | ചാലിയാർ ഗ്രാമപഞ്ചായത്തിലെ കളത്തിൽ കടവിൽ ചാലിയാർ പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി | 2018-19 ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനോടെ ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**